**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2391** **13-09-2023 - ൽ മറുപടിയ്ക്ക്**

**പഠനത്തിനായി മൃതദേഹം വിട്ടു കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മരണാനന്തരം ശരീരം മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ പഠനത്തിനായി വിട്ടു നൽകുന്നതിന് നിലവിൽ തുടർന്നു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **മരണാനന്തരം മൃതദേഹം അനാട്ടമി വിഭാഗത്തിന് പഠനാവശ്യത്തിനായി നൽകുന്നതിന് താല്പര്യമുണ്ടെന്ന് ബന്ധുമിത്രാദികൾ അറിയിക്കുന്ന പക്ഷം മൃതശരീരം ബന്ധുമിത്രാദികളിൽ നിന്ന് താഴെപ്പറയുന്ന രേഖകൾ സഹിതം സ്വീകരിച്ചുവരുന്നു.**<br><br>**മരണം സാക്ഷ്യപ്പെടുത്തിയ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്**<br><br>**അടുത്ത ബന്ധുക്കളുടെ സമ്മതപത്രം**<br><br>**മരിച്ച വ്യക്തിയുടെ തിരിച്ചറിയൽ രേഖയും ഫോട്ടോയും**<br><br>**അടുത്ത ബന്ധുവിന്റെ തിരിച്ചറിയൽ രേഖ**<br><br>**<u>അവകാശികൾ ഇല്ലാത്ത മൃതശരീരങ്ങൾ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.</u>**<br><br>**അനാഥ മൃതശരീരങ്ങളും, ബന്ധുക്കൾ ഏറ്റെടുക്കാത്ത മൃതശരീരങ്ങളും അനാട്ടമി വിഭാഗം പഠനാവശ്യത്തിനായി ഏറ്റെടുക്കണമെന്ന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും പ്രിൻസിപ്പാളിനേയോ, ഹോസ്പിറ്റൽ സൂപ്രണ്ടിനേയോ രേഖാമൂലം അറിയിക്കാറുണ്ട്. ആ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനാട്ടമി വിഭാഗത്തിൽ ലഭിക്കുമ്പോൾ ഡോക്ടർ പോയി മോർച്ചറിയിൽ ശരീരം പരിശോധിച്ച ശേഷം പഠന യോഗ്യമെന്ന് കണ്ടാൽ അനാട്ടമി വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.** |
| (ബി) | ആയതിനോട് താല്പര്യമുള്ള വ്യക്തികൾക്ക് വിവിധ മെഡിക്കൽ കോളേജുകളിലോ, ആരോഗ്യ വകുപ്പിലോ രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | മരണാനന്തര ശരീരം അനാട്ടമി വിഭാഗത്തിന് പഠനാവശ്യത്തിനായി നൽകുന്നതിന് താൽപര്യമുള്ള വ്യക്തികൾ മുദ്രപത്രത്തിൽ സമ്മതം രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖയും ഫോട്ടോയും സഹിതം അനാട്ടമി വിഭാഗത്തിന് നൽകേണ്ടതാണ്. അവരുടെ പേരും മേൽ വിലാസവും രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനു ശേഷം മുദ്രപത്രത്തിന്റെ |

| | | | |
|---|---|---|---|
| | | | പകർപ്പിൽ സാക്ഷ്യപ്പെടുത്തി പകർപ്പ് വ്യക്തികൾക്ക് നൽകുന്നു. |
| (സി) | രജിസ്റ്റർ ചെയ്യുന്ന വ്യക്തികളുടെ മൃതദേഹം ആരോഗ്യ വകുപ്പ് എപ്രകാരമാണ് സ്വീകരിക്കുന്നതെന്നും പ്രസ്തുത വ്യക്തികളുടെ കുടുംബത്തെ എങ്ങനെയാണ് ആദരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികളുടെ മൃതശരീരം മെഡിക്കൽ കോളേജുകളിലെ അനാട്ടമി വിഭാഗം ചുവടെ ചേർത്തിരിക്കുന്ന രേഖകൾ സഹിതം ഏറ്റുവാങ്ങുന്നു:-<br><br>**മരണം സാക്ഷ്യപ്പെടുത്തിയ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്**<br><br>**അടുത്ത ബന്ധുക്കളുടെ സമ്മതപത്രം**<br><br>**മരിച്ച വ്യക്തിയുടെ തിരിച്ചറിയൽ രേഖ, ഫോട്ടോ**<br><br>**അടുത്ത ബന്ധുവിന്റെ തിരിച്ചറിയൽ രേഖ**<br><br>**മൃതശരീരം സ്വീകരിക്കുന്ന ചടങ്ങിൽ നന്ദി പ്രകടനത്തിനോടൊപ്പം ബന്ധുക്കൾക്ക് സാക്ഷ്യപത്രം നൽകി ആദരിക്കുന്നു.** |
| (ഡി) | കഴിഞ്ഞ 10 വർഷ കാലയളവിൽ ആരോഗ്യ വകുപ്പിന് ലഭ്യമായ മൃതദേഹങ്ങൾ എത്രയെന്നും അവരുടെ പേര് വിവരം നിയമപരമായി ലഭ്യമാക്കാൻ കഴിയുമെങ്കിൽ വർഷം തിരിച്ചും ലഭ്യമാക്കാമോ? | (ഡി) | **അവകാശികളില്ലാത്തതും ബന്ധുക്കൾ ഏറ്റെടുക്കാത്തതുമായ മൃതശരീരങ്ങളും കൂടാതെ ദാനം ചെയ്യപ്പെട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ 1465 മൃതദേഹങ്ങളാണ് ലഭ്യമായിട്ടുള്ളത്. ടിയാളുകളുടെ പേരുവിവരങ്ങൾ നിയമപരമായി വ്യക്തമാക്കാവുന്നതല്ല.** |

സെക്ഷൻ ഓഫീസർ